LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 8, ചൊവ്വ

വാല്യം 156] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 2014 ജൂലൈ മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ *571

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പദ്ധതി

1 (*571) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സർക്കാർ പങ്കാളിത്തത്തോടെ പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ : പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പ് കൈക്കൊണ്ട നിലപാട് വെളിപ്പെടുത്തുമോ ;

(സി) പദ്ധതി എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ഡി) പെൻഷനുവേണ്ടിവരുന്ന തുകയിൽ എത്ര ശതമാനം സർക്കാർ വിഹിതമായി നൽകുമെന്ന് അറിയിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ-ഡി) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിനായി നടപ്പാക്കാൻ അനുമതി നൽകിയിട്ടുള്ള പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പെൻഷൻ പദ്ധതിക്കായി തുക കണ്ടെത്തുന്നതിന്റെ വിവിധ വശങ്ങൾ സർക്കാർ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരികയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, സർക്കാരിന്റെ സഹായം കൊണ്ടാണ് പല ഘട്ടങ്ങളിലും പെൻഷനും മറ്റ് നടപടിക്രമങ്ങളുമെല്ലാം പൂർത്തീകരിക്കുന്നത്. പെൻഷൻ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇപ്പോഴും ഒരു അന്തിമതീരുമാനത്തിൽ എത്തിച്ചേർന്നിട്ടില്ല. ബാങ്കുകളുമായും എൽ.ഐ.സി. ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളുമായും തുടരെ ചർച്ച നടത്തുന്നുവെന്ന സന്ദേശങ്ങളാണ് പുറത്തേക്ക് വന്നുകൊണ്ടിരിക്കുന്നത്. അവകാശികളായിട്ടുള്ളവർക്ക് എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പെൻഷൻ നല്കുന്നത് ; അതുപോലെതന്നെ ഇപ്പോൾ സർക്കാരിന്റെ മുമ്പിലുള്ള പെൻഷൻ പദ്ധതി ഏത് തരത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് ഇതുവരെ വ്യക്തമാക്കാൻ സാധിച്ചിട്ടില്ല. അത്തരത്തിലുള്ള ഒരു വിശദീകരണം നൽകാൻ സാധിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കെ.എസ്.ആർ.ടി.സി. 1-4-2013 മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൻ കീഴിലാണ് വരുന്നത്. കൂടാതെ നിലവിലുള്ള പെൻഷൻ പദ്ധതിയുമുണ്ട്. നിലവിലുള്ള പെൻഷൻ പദ്ധതി പ്രകാരം 37,000 പേർക്കാണ് പ്രതിവർഷം പെൻഷൻ നല്കേണ്ടിവരുന്നത്. അതിന് ഒരു വർഷം 444 കോടി രൂപയാണ് ആവശ്യമായി വരുന്നത്. അത് ഓരോ കാലവും ഗവൺമെന്റിൽനിന്ന് വാങ്ങിക്കൊടുക്കുന്ന നടപടിക്രമങ്ങളാണ് വന്നിട്ടുള്ളത്. കെ.എസ്.ആർ.ടി.സി ഗവൺമെന്റിന് കൊടുക്കാനുള്ള എല്ലാ തുകയും യഥാസമയം കൊടുക്കുന്നുണ്ട്. ഡീസൽ ടാക്സ് ആയി 180 കോടി രൂപ ഗവൺമെന്റിലേക്ക് അടയ്ക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ഒരു ദിവസം 4.4 ലക്ഷം ലിറ്റർ ഡീസൽ അടിക്കുന്നുണ്ട്. അതിന്റെ ടാക്സ് 20 ശതമാനം വച്ച് കൃത്യമായി ഗവൺമെന്റിന് കൊടുക്കുന്നുമുണ്ട്. ഗവൺമെന്റിന് മൊത്തം 205 കോടി രൂപ ടാക്സ് ഇനത്തിൽ കൊടുക്കുന്നുണ്ട്. അതേസമയം ഏകദേശം 427 കോടി രൂപ പലയിനങ്ങളിലായി കെ.എസ്.ആർ.ടി.സി.-ക്ക് ഇങ്ങോട്ട് കിട്ടാനുണ്ട്. കെ.എസ്.ആർ.ടി.സി. അടയ്ക്കാനുള്ള തുകയെല്ലാം കൃത്യമായി അടയ്ക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കാനുള്ള തുക കൺസഷൻസിന്റേതാണ്. ഗവൺമെന്റിന്റെ തീരുമാനംകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന അധിക ബാധ്യത ഇപ്പോഴും ബാധ്യതയായിതന്നെ നില്ക്കുകയാണ്. പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ഞങ്ങൾ പല പദ്ധതികളും ആലോചിച്ചു. അതിൽ ഒന്നാമത്, എൽ.ഐ.സി.-യുമായി നേരത്തെതന്നെ ചില ആലോചനകൾ നടത്തിയിരുന്നു. ആ ആലോചനകൾ വന്നുകഴിഞ്ഞപ്പോൾ ഒരു വർഷത്തിൽ ഏകദേശം 6100 കോടി രൂപയോളം - ഈ പന്ത്രണ്ട് വർഷകാലത്തെ പെൻഷൻ കാലാവധി വച്ചുവരുമ്പോൾ - അത്രയും കൂടുതലായി വരുന്നു എന്നുള്ളതാണ് ഒരു കാൽക്കുലേഷൻ. അതുകൊണ്ട് ആ പദ്ധതി ഡിവൈഡ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിച്ചു. അങ്ങനെ വന്നപ്പോൾ 480 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

എന്നൊരു ടാർജറ്റ് വച്ച് പ്രതിവർഷം മൊത്തം ബാധ്യതയുടെ 50 ശതമാനമായ 240 കോടി രൂപ കെ.എസ്.ആർ.ടി.സി. വഹിക്കുകയും ബാക്കി 240 കോടി രൂപ ഗവൺമെന്റിൽ നിന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു. എല്ലാവർഷവും ഗവൺമെന്റിൽനിന്ന് അതിനേക്കാൾ കൂടുതൽ തുക അനുവദിച്ചുതന്നിട്ടുണ്ട്. കഴിഞ്ഞ തവണതന്നെ ഏതാണ്ട് 484 കോടി രൂപ പല ഘട്ടങ്ങളിലായി ഗവൺമെന്റിൽ നിന്ന് തന്നിട്ടുണ്ട്. അതുകൊണ്ട് അത്രയും തുക വേണ്ട, 240 കോടിരൂപയായി അത് നിശ്ചയിക്കുകയും അതിന് സമാനമായ തുക കെ.എസ്.ആർ.ടി.സി. സമാഹരിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഈ തുക സമാഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബസിൽ കയറുന്ന, അതായത് ടിക്കറ്റ് എടുക്കുന്ന മുഴുവൻ ആളുകളേയും ഇൻഷ്വർ ചെയ്യുന്ന പുതിയ ഒരു സ്കീം കൊണ്ടുവരികയാണ്. ആ സ്കീമിൽ സ്ലാബ് ബേസിലെ നിരക്കുകളിൽ മേജർ വ്യത്യാസമൊന്നും വരുത്താതെ ചില ചെറിയ വ്യത്യാസങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നു. അങ്ങനെ വരുമ്പോൾ.....

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്....പ്ലീസ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചോദ്യം ഒന്നേയുള്ളുവെങ്കിലും ഉത്തരം വിശദമായി പറയണമല്ലോ. അതുമാത്രമല്ല അങ്ങേയ്ക്കും ഇതിൽ താല്പര്യമുണ്ടാകും. അങ്ങും ഇതൊക്കെ അനുഭവിച്ച ആളാണ്. അങ്ങ് തുടങ്ങിയതിന്റെ ബാക്കിപത്രമാണ് ഇന്നും നില്ക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അന്ന് ഇതുപോലെ നഷ്ടം ഇല്ലായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ആ നഷ്ടത്തിന്റെ തോത് അവിടം മുതൽ ഇവിടം വരെ നീളും, അതുകൊണ്ട് അതവിടുന്ന് തുടങ്ങി ഇവിടെ തീരുകയാണ്. ശ്രീ. മാത്യു ടി. തോമസിന്റെ കാലത്തും നഷ്ടംതന്നെ. അതുകൊണ്ട് ഇത് എല്ലാവർക്കും ഒരുപോലെ താല്പര്യമുള്ളതാണ്. അങ്ങനെ താല്പര്യമുള്ളതുകൊണ്ട് ഇതിന് ശാശ്വതമായി ഒരു പരിഹാരം കാണണം. താല്ക്കാലിക കസ്റ്റോഡിയനാണ് ഞാൻ എന്നുള്ളതുമാത്രമേ അതിന് ഒരു പ്രത്യേകതയുള്ളൂ. അതേസമയം ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടാകുകയും വേണം. ഇപ്പോൾ വന്നിരിക്കുന്നത്, ഒരു സോഷ്യൽ കമ്മിറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ ഏറ്റെടുക്കേണ്ടതായി വരികയെന്നതാണ്. അതേസമയം നമുക്ക് കിട്ടേണ്ട തുക കിട്ടാതെപോകുന്നു എന്നുള്ള ഒരു വിഷമവും നിലവിലുണ്ട്. അതുകൊണ്ട് ഈ രൂപത്തിൽ ഇതിനൊരു പുനഃക്രമീകരണം വരുത്തണം. ഇതിനായി കെ.എസ്.ആർ.ടി.സി. മുന്നോട്ട് വയ്ക്കുന്ന പ്രൊപ്പോസൽ 50:50 എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ ഈ വിഷയത്തെപ്പറ്റി പല തവണ സംസാരിച്ചെങ്കിലും അതിനൊരു പൂർണ്ണത കൈവന്നിട്ടില്ല. പൂർണ്ണത ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. കെ.എസ്.ആർ.ടി.സി. റിവൈവലിലേക്ക് വന്നില്ലെങ്കിൽ സംസ്ഥാനത്തിന് വലിയ നഷ്ടം സംഭവിക്കും. അതുകൊണ്ട് സംസ്ഥാനത്തിന്റെ നഷ്ടം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നടപടിയിലേക്കാണ് നീങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. രാജേന്ദ്രൻ : സർ, കെ.എസ്.ആർ.ടി.സി. വ്യക്തതയില്ലാതെയും എങ്ങോട്ടാണെന്നറിയാതെയുമാണ് പോകുന്നത് എന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. എങ്കിലും എന്റെ മണ്ഡലത്തിൽ, ഹിൽ സ്റ്റേഷനിൽ റ്റി.പി. ബസുകൾ ഇപ്പോഴും ഓടിക്കൊണ്ടിരിക്കുകയാണ്. അവിടെ ബസിൽ ആളില്ലായെന്ന് പറയാനാകില്ല, ബസ് നിറയെ ആളുകളുണ്ട്, അത് നഷ്ടത്തിലാണെന്ന് വിശ്വസിക്കാൻ സാധിക്കില്ല. മന്തിലി കണക്കെടുത്തപ്പോഴും ലാഭത്തിലാണ്. അങ്ങനെ ഒട്ടനവധി ഡിപ്പോകളുടെ കണക്ക് പരിശോധിക്കുകയാണെങ്കിൽ നഷ്ടത്തിൽ ഓടുന്ന സ്ഥിതിയാണെന്നുപറയുവാൻ സാധിക്കില്ല. ഇവിടെ പെൻഷന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളെ സംബന്ധിച്ചും അവകാശികളെ സംബന്ധിച്ചും ഇത് വിനിയോഗം ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ചും ഒരു വ്യക്തത ഉണ്ടായില്ല. അതുകൊണ്ടാണ് ഞാൻ വീണ്ടും ഇത് ആവർത്തിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കോടതി വിധി അനുസരിച്ച് വരുമാനത്തിന്റെ 10% പെൻഷണറി ബെനിഫിറ്റ്സായി കെട്ടിവയ്ക്കേണ്ടതായുണ്ട്. കൂടാതെ അവിടെവരുന്ന മറ്റിനങ്ങളിലുള്ള ചെലവുകൾക്കും ഒരു നിശ്ചിതതുക മാറ്റിവയ്ക്കണമെന്ന് കോടതിയുടെ ഡയറക്ഷനുണ്ട്. ഇതോടൊപ്പം കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും 1300 കോടി രൂപ കെ.എസ്.ആർ.ടി.സി. ലോൺ എടുത്തിട്ടുണ്ട്. അതിന്റെ തിരിച്ചടവായി കിട്ടുന്ന കളക്ഷൻ എക്സ്ട്രാ അക്കൗണ്ടായി അതാത് ദിവസം വൈകുന്നേരം കെ.റ്റി.ഡി.എഫ്.സി.-യെ ഏല്പിക്കണമെന്നാണ് നിബന്ധന വച്ചിട്ടുള്ളത്. അങ്ങ് അവിടെ ഒരു ഡിപ്പോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത് എന്നുപറഞ്ഞു. കേരളത്തിലെ 22 ഡിപ്പോകളിലെ വരുമാനം എക്സ്ട്രാ അക്കൗണ്ട് വഴി അതാത് ദിവസം വൈകുന്നേരം കെ.റ്റി.ഡി.എഫ്.സി.-യുടെ അക്കൗണ്ടിലേക്ക് പോകുകയാണ്. അതുകഴിഞ്ഞ് ബാക്കി കിട്ടുന്ന തുകയേയുള്ളൂ. ബാക്കികിട്ടുന്ന തുകയിൽ ഈ പറയുന്നതുപോലുള്ള ഓരോ ബാധ്യതകളും തട്ടിക്കിഴിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ബാലൻസ് തുകയൊന്നുമില്ലാതെ വരുന്നു. അതോടൊപ്പംതന്നെ സോഷ്യൽ കമ്മിറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അതാത് കാലത്തെടുത്തിട്ടുള്ള തീരുമാനങ്ങൾ കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കുന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കേണ്ടിവരുന്ന അധിക ബാധ്യത ഇതോടൊപ്പം നിൽക്കുകയാണ്. അതുകൊണ്ട് വരുമാനത്തിൽ വലിയ പ്രയാസം നേരിടുകയാണ്. അതേസമയം എക്സ്പെൻഡിച്ചറിൽ ഒന്നുംതന്നെ വെട്ടിക്കുറയ്ക്കാൻ കഴിയുകയുമില്ല. ഈ ബാധ്യതയാണ് കെ.എസ്.ആർ.ടി.സി.-യെ ഇന്ന് അലട്ടിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എളമരം കരീം : സർ, കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് മെച്ചപ്പെട്ട നിലയിലാക്കണമെന്ന അങ്ങയുടെ ആശയത്തോട് ഞാൻ യോജിക്കുന്നു. എന്നാൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യിൽ നഷ്ടം ഉണ്ടാകുന്നതിൽ ദുഃഖമുണ്ടാകേണ്ടതില്ല. ഗവൺമെന്റാണ് അത് വഹിക്കേണ്ടത്. ഇന്നത്തെ നിലയിൽ സർവ്വീസ് നടത്തിക്കിട്ടുന്ന വരുമാനം കൊണ്ട് കെ.ടി.ഡി.എഫ്.സി.-യുടെ ലോൺ തിരിച്ചടയ്ക്കാനും പെൻഷൻ

ബാധ്യത നിർവ്വഹിക്കാനും കഴിയാത്ത അവസ്ഥയാണ്. പുതിയ പാക്കേജ് നടപ്പാക്കി പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതിനുവേണ്ടിയുള്ള സ്കീമിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ബാധ്യത മുഴുവൻ വേണ്ട; 50 ശതമാനം മതി. ബാക്കി 50 ശതമാനം കെ.എസ്.ആർ.ടി.സി.-യുടെ തുച്ഛമായ വരുമാനത്തിൽനിന്ന് ഉണ്ടാക്കും. അതിനെക്കുറിച്ചുള്ള ചർച്ചകളാണ് നടക്കുന്നത്. ആ ചർച്ചകൾക്ക് ഏകദേശരൂപം ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ താല്പര്യപൂർവ്വം ആ കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്. ഒരു കാര്യം കൂടി പറയട്ടെ, നമ്മൾ ഇപ്പോൾ രണ്ട് ബാധ്യതകൾ ഒഴിവാക്കിയാൽ ഇത് ബ്രേക്ക് ഈവൻ ആകും. പെൻഷൻ ബാധ്യതയുടെ കാര്യത്തിൽ തീരുമാനമെടുത്താൽ ഒരുമാസം 25 കോടി രൂപയുടെ ആശ്വാസം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകും. കെ.ടി.ഡി.എഫ്.സി.ക്ക് കൊടുക്കാനുള്ള തുകയ്ക്ക് മാസം 15.5 ശതമാനം വരെ പലിശ നല്കുന്നുണ്ട്. 1300 കോടിക്ക് 15.5 ശതമാനം പലിശ കൊടുത്തുകൊണ്ട് ഏതെങ്കിലും ഒരു സ്ഥാപനത്തിന് പിടിച്ചുനിൽക്കാൻ സാധിക്കുമോ? അതുകൊണ്ട് ഞങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ആലോചിച്ച് ഒരു കൺസോർഷ്യം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. അഞ്ച് വർഷത്തിനുള്ളിൽ തിരിച്ചടവ് എന്നുള്ളതാണ് ഇതിന്റെ നിബന്ധന. ആ അഞ്ച് വർഷം എന്നുള്ളത് ദീർഘിപ്പിച്ചെടുക്കാൻ ശ്രമിക്കുകയാണ്. അങ്ങനെ വന്നാൽ മാസ തിരിച്ചടവിന് ഒരു കുറവ് കിട്ടും. അങ്ങനെ ഈ കടം റീ-സ്ട്രക്ച്ചർ ചെയ്യാനുള്ള ശ്രമത്തിലാണ്. നാഷണലൈസ്ഡ് ബാങ്കുകളുടെ ഒരു കൺസോർഷ്യം ഉണ്ടാക്കി ഈ കടം തിരിച്ചടയ്ക്കുന്നതിനുവേണ്ടി റീ-സ്ട്രക്ചറിംഗ് കൂടി നടത്തി വന്നാൽ, അവിടെയും ഒരു ചെറിയ റിലീഫ് കിട്ടുകയാണ്. കിട്ടുന്ന വരുമാനംകൊണ്ട് ശമ്പളം കൊടുക്കാൻ കഴിയും, പക്ഷേ വരുമാനം അതിനുവേണ്ടി മാത്രം വിനിയോഗിക്കേണ്ടതായി വരും. അപ്പോൾ ഈ ബാധ്യതകളെല്ലാം ഒഴിവാക്കി സ്റ്റെപ് ബൈ സ്റ്റെപ് ആയി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. അങ്ങ് ട്രേഡ് യൂണിയൻ നേതാവായതുകൊണ്ട് ഒരു കാര്യം കൂടി പറയാം, അങ്ങ് അടക്കം അവിടെയുള്ള റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയനുകളെ വിളിച്ച് പല തവണ ചർച്ച നടത്തിയിരുന്നു. ഇത് മെച്ചപ്പെടുത്തുന്ന കാര്യത്തിൽ യൂണിയനുകൾ പോസിറ്റീവ് ആയ നിലപാടാണ് ഇതുവരെ പരസ്യമായി എടുത്തിട്ടുള്ളത്. ഞാൻ അവരോട് അതിനുള്ള സന്തോഷം രേഖപ്പെടുത്തുകയാണ്. അതോടൊപ്പംതന്നെ രജിസ്റ്റേർഡ് യൂണിയനുകളുമുണ്ട്, അവരുമായും ഞാൻ പല തവണ ചർച്ച നടത്തി. എല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവോടും സമ്മതത്തോടും, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുമാണ്. യൂണിയനുകളെയും, തൊഴിലാളികളെയും പൂർണ്ണമായി സഹകരണത്തിലെടുത്തുകൊണ്ട് ഈ സ്ഥാപനം ബ്രേക്ക് ഈവൻ ആക്കാൻ സാധിക്കുമോ എന്നാണ് ഗവൺമെന്റ് നോക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഹംസ : സർ, ജീവനക്കാർക്ക് പെൻഷൻ കൊടുക്കാൻ കഴിയുന്നില്ലെന്ന അവസ്ഥയിലേക്ക് കെ.എസ്.ആർ.ടി.സി. എത്തിനിൽക്കുകയാണ്. പെൻഷൻപോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തുമ്പോഴാണ് കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽനിന്ന് സെസ്സ് വാങ്ങി യാത്രക്കാർക്ക് പരിരക്ഷ കൊടുക്കുമെന്ന പുതിയ പ്രഖ്യാപനം നടത്തുന്നത്. അത് സ്വാഗതാർഹമാണ്. പെൻഷൻ കൊടുക്കുന്നതിനും യാത്രക്കാരെ ഇൻഷ്വർ ചെയ്യുന്നതിനുംവേണ്ടി വാങ്ങുന്ന പണവും ഇന്ന് ജീവനക്കാരുടെ കയ്യിൽനിന്ന് വാങ്ങിയിട്ടുള്ള ഇൻഷ്വറൻസ് തുകയും ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് പിടിച്ച റിക്കവറി എമൗണ്ടും കൃത്യമായി തിരിച്ചുകൊടുക്കാതെ ഇൻഷ്വറൻസ് പോളിസിയുടെ ആനുകൂല്യംപോലും ജീവനക്കാർക്ക് ലഭിക്കാതെവന്ന സാഹചര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങനെയൊരു മിസ്മാനേജ്മെന്റിന്റെ അവസ്ഥയിലേക്ക് കെ.എസ്.ആർ.ടി.സി. മാറിയിട്ടുണ്ട്. അത് തിരുത്താൻ നടപടി സ്വീകരിക്കുമോ ; ഭാവിയിൽ യാത്രക്കാരിൽനിന്ന് വാങ്ങുന്ന സെസ്സും ഇതുപോലെ മിസ്മാനേജ്മെന്റിലൂടെ തകർക്കാതിരിക്കാനാവശ്യമായ ഇടപെടൽ നടത്തുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങയുടെ ചോദ്യം ഒരു വിവര ശേഖരണത്തിലാണെന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. ദയവായി കെ.എസ്.ആർ.ടി.സി.-ക്ക് എതിരായിട്ടുള്ള ഒരു പ്രചരണവുമായി ദൗർഭാഗ്യകരമായ രൂപത്തിൽ മുന്നോട്ടുപോകരുത്. അങ്ങയുടെ പൊളിറ്റിക്കൽ പാർട്ടിയും അങ്ങ് സ്നേഹിക്കുന്ന ട്രേഡ് യൂണിയനും ഈ എടുത്ത നടപടികളെ സ്വാഗതം ചെയ്യണം. അവരുടെകൂടി താൽപ്പര്യം അംഗീകരിച്ചുകൊണ്ടാണ് ഞങ്ങൾ മുന്നോട്ടു പോകുന്നത്. എങ്ങനെയെങ്കിലും ഈ കടക്കെണിയിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള അവസാനശ്രമം നടത്തുമ്പോൾ അതിനേയും തെറ്റായ രൂപത്തിൽ വ്യാഖ്യാനിച്ച് അങ്ങനെയൊരു പ്രചരണം വരുന്നത് കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പിന് ഗുണം ചെയ്യുകയില്ല. അതുകൊണ്ട് നമുക്ക് കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാം. ഇതിനെ ബ്രേക്ക് ഈവൻ ആക്കാൻ നമുക്ക് ശ്രമിക്കാം. നഷ്ടവും ലാഭവുമില്ലാത്ത രൂപത്തിൽ കൊണ്ടുപോകാം. മാനേജ്മെന്റ് ഒരു പ്രൊഫഷണൽ ടച്ചുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുണ്ടാകും. അതുണ്ടായെങ്കിൽ മാത്രമെ പലതിനും പരിഹാരമുണ്ടാകുകയുള്ളൂ എന്നുള്ളത് ഇന്റേണലായിട്ടുള്ള ഡിസ്ക്കഷനിൽ ഞങ്ങൾ കണ്ടിട്ടുണ്ട്. പക്ഷേ, ആ പ്രൊഫഷണൽ ടച്ചുകൊണ്ടുമാത്രമായില്ല. അതിനേക്കാൾ അപ്പുറത്തേക്ക് കുറേ കാര്യങ്ങൾകൂടി ചെയ്യേണ്ടിവരും. കേരളത്തിൽ സാമൂഹ്യ പ്രതിബദ്ധതയ്ക്കുവേണ്ടി ഇത്രയും പണം മുടക്കുന്ന മറ്റൊരു പൊതുമേഖലാ സ്ഥാപനമുണ്ടോ; ഒരു പൊതുമേഖലാ സ്ഥാപനവുമില്ല. സോഷ്യൽ കമ്മിറ്റ്മെന്റ് പാലിക്കുവാൻ വേണ്ടി 2000 കെ.എസ്.ആർ.ടി.സി. ബസ്സുകൾ നഷ്ടത്തിലോടുകയാണ്. ജനപ്രതിനിധികളടക്കം സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ അഭ്യർത്ഥനപ്രകാരമാണ് ഈ 2000 ബസ്സുകൾ നഷ്ടം സഹിച്ച് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. വേണമെങ്കിൽ നമുക്ക് ലാഭത്തിനുവേണ്ടി ഓടിക്കാൻ കഴിയും. പക്ഷേ, ലാഭത്തിനുവേണ്ടി ഓടിച്ചാൽ നാട്ടുകാർക്ക് യാത്ര ചെയ്യാൻ ബസ് ഉണ്ടാകുകയില്ല. അപ്പോൾ ജനപ്രതിനിധികൾക്ക്

ലോക്കലായി ധാരാളം സമ്മർദ്ദമുണ്ടാകും. ഇതെല്ലാംകൂടി ചേർത്താണ് ഇത് മുന്നോട്ട് കൊണ്ടുപോകുന്നത്. അതുകൊണ്ട് അറിഞ്ഞോ അറിയാതെയോ നിരപരാധിയായ കെ.എസ്.ആർ.ടി.സി.-യെ ബഹുജനമദ്ധ്യത്തിൽ തെറ്റായ രൂപത്തിൽ ചിത്രീകരിക്കരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ്. നഷ്ടത്തിലായതുകൊണ്ട്, ശമ്പളം കൊടുക്കാൻതന്നെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിലായതുകൊണ്ട് പെൻഷനെ സംബന്ധിച്ച് പ്രതീക്ഷതന്നെ വേണ്ടെന്നുള്ള സമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ രണ്ട് മാസമായി പെൻഷൻ ലഭിക്കുന്നില്ല. പെൻഷൻ ഉൾപ്പെടെയുള്ള വളർച്ചയിലേക്ക് കെ.എസ്.ആർ.ടി.സി.-ക്ക് പോകണമെങ്കിൽ ഒട്ടനവധി നവീകരണ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കുന്നുണ്ടോ ; അതിലൊരു പ്രധാനപ്പെട്ട നിർദ്ദേശമായിരുന്നു ബസ് സ്റ്റേഷനുകളിലെ ഡീസൽ പമ്പ്, പൊതുഡീസൽ പമ്പാക്കുക എന്നത്. ഏതാണ്ട് എല്ലാ ബസ് സ്റ്റേഷനുകളിലും കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ പമ്പുകളുണ്ട്. അവിടെ ലൈസൻസികൾ കെ.എസ്.ആർ.ടി.സി. തന്നെയാണ്. അത് പൊതു ഡീസൽ പമ്പുകളാക്കി മാറ്റി മറ്റ് വാഹനങ്ങൾക്കുകൂടി അവിടെനിന്ന് ഡീസൽ അടിക്കാവുന്ന സ്ഥിതി വിശേഷമുണ്ടാക്കുമെന്നും ലോങ്ങ് ഡിസ്റ്റൻസ് റൂട്ടിൽ പുതിയ ബസ് സർവ്വീസുകൾ (ഷെഡ്യൂളുകൾ) നടത്തുമെന്നും നിർദ്ദേശമുണ്ടായിരുന്നു. ഈ നവീകരണ പ്രവർത്തനങ്ങളൊന്നും നടത്താതെ എങ്ങനെയാണ് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലെത്തിക്കാൻ സാധിക്കുക. ഇത്തരം നിർദ്ദേശങ്ങളെന്തെങ്കിലും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സോഷ്യൽ കമ്മിറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 427 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ഒരു വർഷം നഷ്ടം വരികയാണ്. കൺസഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കേണ്ട 218 കോടി രൂപയുടെ വരുമാനം ഇല്ലാതാകുകയാണ്. ഗവൺമെന്റ് ടാക്സ് ഇനത്തിൽ കെ.എസ്.ആർ.ടി.സി. അടയ്ക്കുന്നത് 205 കോടി രൂപയാണ്. അങ്ങനെ 850 കോടി രൂപ കെ.എസ്.ആർ.ടി.സി. കൊടുക്കേണ്ടിവരുന്നു. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ബസ് സ്റ്റേഷനുകളിലെ പമ്പിൽനിന്ന് പുറത്തുള്ള ആളുകൾക്കുകൂടി ഡീസൽ അടിക്കാൻ കഴിയില്ല. കെ.എസ്.ആർ.ടി.സി.-യിൽത്തന്നെ ഇപ്പോൾ പമ്പുകൾ നിർത്തലാക്കി. കാരണം ഗവൺമെന്റ് ഓഫ് ഇന്ത്യ ബൾക്ക് പർച്ചേസ് സിസ്റ്റം നിർത്തിയതോടുകൂടി കെ.എസ്.ആർ.ടി.സി.-ക്ക് അത് ലാഭമല്ല, പുറത്തുനിന്നും ഡീസൽ അടിക്കുന്നതാണ് ലാഭമെന്നുള്ള നിലയിലേക്കുവന്നു. നേരത്തെ പറഞ്ഞതുപോലെ ബൾക്ക് പർച്ചേസ് സിസ്റ്റം ഇപ്പോൾ നിലവിലില്ലാത്തതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യിലെ പമ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. അത് അർഹിക്കുന്നതായിരുന്നു; പക്ഷേ, ലഭിച്ചില്ല. അതിലുള്ള നമ്മുടെ എതിർപ്പ് കേന്ദ്രത്തിനെ അറിയിച്ചിരുന്നതുമാണ്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ പെൻഷൻ സ്കീം കൊണ്ടുപോകണം. ഈ ദാരിദ്ര്യത്തിന്റെ മദ്ധ്യത്തിലാണ് രണ്ടറ്റവും കൂട്ടിമുട്ടിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നമ്മൾ നടത്തുന്നത്. ജോലി ശ്രമകരമാണ്. അവിടത്തെ ജീവനക്കാരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഏറ്റവും കൂടുതൽ മനസ്സിലാക്കിയിട്ടുള്ളത്. സർ, പെൻഷൻ കൊടുക്കുന്നത് സംബന്ധിച്ച് അങ്ങേയ്ക്കും താൽപ്പര്യമുള്ളതല്ലേ. പെൻഷൻ പദ്ധതി തുടങ്ങുന്നതിന് തൊട്ടുമുമ്പ് അങ്ങയുടെ തൊട്ടടുത്ത നിയോജക മണ്ഡലത്തിലെ ജനപ്രതിനിധിയാണ്. ഇത് തുടങ്ങിവച്ചത്. അതുകൊണ്ട് അങ്ങേയ്ക്ക് ഇതൊക്കെ താൽപ്പര്യമുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, എന്റെ കാലത്ത് ചരിത്രത്തിലാദ്യമായി മുൻവർഷത്തിലുണ്ടായിരുന്നതിനേക്കാൾ കെ.എസ്.ആർ.ടി.സി. നഷ്ടം കുറച്ചുകൊണ്ടുവന്നു. അത് റിക്കാർഡാണ്. അങ്ങ് ചരിത്രം പരിശോധിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അന്ന് ഒരു മാസം പെൻഷൻ കൊടുക്കാൻ 17 കോടി രൂപയായിരുന്നത് ഇന്ന് 37 കോടി രൂപ വേണം. ശമ്പളത്തിൽ വർദ്ധനവുണ്ടായി. ഡീസലിന്റെ വില വർദ്ധിച്ചു. ഇവിടെ ഒരു ലിറ്റർ ഡീസലിന് 62 രൂപ കൊടുക്കുമ്പോൾ തമിഴ്നാട്ടിൽ 40 രൂപ കൊടുത്താൽ മതി. തമിഴ്നാട്ടിൽ കെ.എസ്.ആർ.ടി.സി. ലാഭമാണെന്ന് പറയുന്നതിൽ വല്ല കഥയുമുണ്ടോ ; ഇവിടെ ഒരു ലിറ്റർ ഡീസലിന് 22 രൂപ കൂടുതലാണ്. അന്ന് ഡീസൽ വില എത്രയാണ് ; ഞാൻ അങ്ങയുമായി തർക്കിക്കുന്നില്ല. കാരണം അങ്ങ് നമുക്ക് ഏറ്റവും മാതൃകയായി നിൽക്കേണ്ട ആളാണ്. അതുകൊണ്ട് തർക്കത്തിന് ഞാനില്ല. അന്ന് ഡീസലിന്റെയും സ്പെയർ പാർട്ട്സിന്റെയും വില എത്ര; ഇന്നത്തെ വില എത്ര; അന്ന് ജീവനക്കാരുടെ എണ്ണമെത്ര; ഇന്ന് ജീവനക്കാരുടെ എണ്ണമെത്ര; കാലത്തിനൊത്ത് മാറ്റവും വരുത്തിയിട്ടില്ല. അതാണ് പ്രശ്നം. കാരണം ഇത് സോഷ്യൽ കമ്മിറ്റ്മെന്റുള്ളതല്ലേ. അതുകൊണ്ട് ഈ ബുദ്ധിമുട്ടുകളൊക്കെയുണ്ട്. ഈ ദാരിദ്ര്യത്തിനകത്തുനിന്ന് ഷെയർ ചെയ്യുന്ന ഒരു ഏർപ്പാടാണ്. അതുകൊണ്ട് നമുക്ക് ഇതിനെ മെച്ചപ്പെടുത്തണമെങ്കിൽ എല്ലാവരും ഒരുമിച്ച് മുന്നോട്ടുപോകണം. ആ കൺക്ലൂഷനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, കെ.എസ്.ആർ.ടി.സി. സോഷ്യൽ കമ്മിറ്റ്മെന്റോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്നതിൽ സംശയമില്ല. കെ.എസ്.ആർ.ടി.സി. ഇപ്പോൾ വലിയ നഷ്ടത്തിലുമാണ്. എല്ലാ കാലത്തും ആ നഷ്ടത്തിന് ധാരാളം കാരണങ്ങൾ നിരത്തിവയ്ക്കാനുണ്ട്. ഈ നഷ്ടത്തിന്റെ കാരണങ്ങൾ പറഞ്ഞ് പിന്നെയും നഷ്ടത്തിലേക്ക് പോകാൻ പറ്റില്ല. നമുക്ക് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിൽ കൊണ്ടുവരണം. ജീവനക്കാർക്ക് മാന്യമായ ശമ്പളവും പെൻഷനും കൊടുക്കണം. വലിയൊരു ഉത്തരവാദിത്വമാണ് അങ്ങേയ്ക്ക് ഉണ്ടായിരിക്കുന്നത്. ആ ഉത്തരവാദിത്വം നിറവേറ്റുന്നതിലുള്ള വലിയൊരു പ്രാരാബ്ധത്തിലാണ് അങ്ങ് എന്ന് അങ്ങയുടെ മറുപടിയിൽനിന്ന് വ്യക്തമായി. അത് തീർച്ചയായും നല്ല കാര്യമാണ്. പെൻഷൻ കുടിശ്ശിക മാത്രമല്ല അവിടത്തെ മാനേജുമെന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കണമെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ശരിയായ രീതിയിലുള്ള പ്രൊഫഷണൽ മാനേജുമെന്റാണോ ; എവിടെയൊക്കെയാണ് ബിസിനസ്സ് ആക്ടിവിറ്റിക്കകത്ത് നഷ്ടമുണ്ടാകുന്നത് ; അക്കാര്യങ്ങളെക്കുറിച്ച് പഠിച്ച് ജീവനക്കാരുടെ മനോഭാവത്തിൽത്തന്നെ മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വരണം. കെ.എസ്.ആർ.ടി.സി. ബസ്സുകൾ കൃത്യമായി ഓടുന്നില്ലെങ്കിൽ ലാഭം ലഭിക്കുകയില്ല. അതുകൊണ്ട് ഒരു പ്രൊഫഷണലിസത്തോടുകൂടി കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ നടത്തുന്നതിന് അങ്ങ് എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്താൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, വളരെ പ്രബലവും ഗൗരവവുമായിട്ടുള്ള ചോദ്യമാണ് അങ്ങ് ചോദിച്ചത്. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒന്നാമത്തെ മാർഗ്ഗം, അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി അംഗീകരിക്കുകയാണ്. ഒരു പ്രൊഫഷണലിസം ഇതിനകത്ത് വേണം. പ്രൊഫഷണലിസമുണ്ടാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടിയുള്ള പ്രത്യേക ക്രമീകരണങ്ങൾ കെ.എസ്.ആർ.ടി.സി.ക്കകത്തുതന്നെ തുടങ്ങിക്കഴിഞ്ഞു. അത് നന്നായി മുന്നോട്ടുപോയി റിസൾട്ടാകാൻ പോകുന്നതേയുള്ളൂ. രണ്ട്, തീർത്തും നഷ്ടത്തിലോടുന്ന സർവ്വീസുകൾ ട്രിപ്പുകളായി ചുരുക്കും. അതിനുശേഷം ആ സർവ്വീസുകൾ മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കും. രാവിലെ മുതൽ വൈകുന്നേരം വരെ എട്ടും ഒമ്പതും ട്രിപ്പുകളാണുള്ളത്. അങ്ങനെ നഷ്ടത്തിൽ പോകേണ്ട കാര്യമില്ല. സ്കൂൾ കുട്ടികൾക്കും മറ്റ് സ്ഥാപനങ്ങളിൽ പോകുന്ന ജീവനക്കാർക്കും രാവിലെയും വൈകിട്ടും യാത്രചെയ്യുന്നതിന് വാഹനം ആവശ്യമാണ്. അതിനുമദ്ധ്യത്തിലുള്ള സമയത്തെ ട്രിപ്പുകളിൽ ആളുകൾ ഉണ്ടാകില്ല. അതുകൊണ്ട് ആ ട്രിപ്പുകൾ ഒഴിവാക്കാം. അതുപോലെ ഞങ്ങൾ വേറെ ചില സ്കീമുകൾകൂടി ആലോചിക്കുന്നുണ്ട്. ഒന്ന്, ബസ് സ്റ്റാൻഡുകൾ - ഇപ്പോൾ ബസ് സ്റ്റാൻഡുകളിൽ ചെന്നെത്തുന്ന ആളുകൾക്ക് വ്യത്തിയോടുകൂടി അവിടെ കാത്തിരുന്ന് ബസ് കയറാൻ കഴിയുകയില്ല. അതുകൊണ്ട് യാത്രക്കാരെ ആകർഷിക്കത്തക്ക രീതിയിൽ ബസ് സ്റ്റാൻഡുകളിൽ ശീതീകരിച്ച നല്ല വെയിറ്റിംഗ് റൂം, നല്ല ടോയ്ലറ്റ് ഫെസിലിറ്റി മുതലായവ ഉണ്ടാക്കുകയും അതുപോലെ ആളുകൾ പെട്ടിയുമായി ചുമന്നുനടക്കാതിരിക്കാൻ ക്ലോക്ക് റൂം കൊടുക്കുക, ചെറിയ നല്ല കോഫി ഷോപ്പ് അവർക്ക് പ്രൊവൈഡ് ചെയ്യുക, അതോടൊപ്പംതന്നെ പരസ്യത്തിൽനിന്നും കിട്ടാൻ സാധ്യതയുള്ള വരുമാനം കിട്ടുന്നതിന് ഡിജിറ്റൽ പരസ്യങ്ങളും മറ്റും കൊടുക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുക, സി.സി.ടി.വി. പോലുള്ള പരസ്യത്തിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ബസ്സുകളിൽതന്നെ എഫ്.എം. റേഡിയോ വഴി പരസ്യത്തിന് പോസിബിലിറ്റിയുണ്ടോയെന്ന് പരിശോധിക്കുക എന്നിങ്ങനെയുള്ള നിരവധി കാര്യങ്ങൾ ഞങ്ങളുടെ മുമ്പിലുണ്ട്. ഇതെല്ലാം നോൺ-ഓപ്പറേറ്റീവ് റവന്യൂ ആയിട്ടാണ് വരുന്നത്. കരുനാഗപ്പള്ളിയടക്കമുള്ള നിരവധി സ്ഥലങ്ങളിൽ നിന്ന് ജനപ്രതിനിധികളായ നമ്മുടെ സഹോദരന്മാരുടെ റിക്വസ്റ്റ് ഉണ്ട്. അവിടെ ഡിപ്പോകളുടെ ധാരാളം സ്ഥലം കിടപ്പുണ്ട്. ആ സ്ഥലം വാല്യൂ ആഡഡ് ആയി വിനിയോഗിക്കുന്നതിന് ഞങ്ങൾ അതിന്റെ കണക്കെടുത്തുകൊണ്ടിരിക്കുകയാണ്. ആധാരം ക്ലിയറാണോയെന്ന് നോക്കിക്കൊണ്ടിരിക്കുകയാണ്. വാല്യൂ ആഡഡ് ആയി അത് വിനിയോഗിക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം കിട്ടണം. കെ.എസ്.ആർ.ടി.സി.-യുടെ കയ്യിൽനിന്ന് പണം മുടക്കി ഇത് കെട്ടാനുള്ള കാശില്ല. അതിനുള്ള മാർഗ്ഗമെന്താണെന്ന് നോക്കുകയാണ്. വാല്യൂ ആഡഡ് ആയി അത് വിനിയോഗിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

ഒരുതരത്തിൽ ടാപ്പ് ചെയ്യാൻ കഴിയുന്ന ഒരു മേഖലകൂടി ഉൾക്കൊള്ളിക്കുകയാണ്. ഇതെല്ലാംകൂടി ചേർന്നുപോകുമ്പോൾ കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്താൻ പറ്റും. അതുപോലെ ഠൗൺ-ടു-ഠൗൺ ബസ് സർവ്വീസ് ആരംഭിക്കാൻ പോകുകയാണ്. 400 ജൻറം ബസ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട നഗരവികസന വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടുകൂടി 400 ബസ് വന്നാൽ ടൗൺ-ടു-ടൗൺ പുതിയ ബസ് സർവ്വീസ് ആരംഭിക്കാം. എ.സി. ബസുകൾ - ഒരു ടൗണിൽ നിന്ന് ജില്ലാ ഹെഡ്ക്വാർട്ടേഴ്സിന്റെ മറ്റൊരു ടൗണിലേക്ക് സർവ്വീസ് നടത്താൻ സാധിക്കും. ഇങ്ങനെ വരുമ്പോൾ ഒരു മേഖലയിലെ ട്രെയിൻ ദീർഘദൂരമായി പോകുന്നതിന് സമാന്തരമായി മറുവശത്ത് ടൗൺ-ടു-ടൗൺ സർവ്വീസിന് ജനങ്ങളുടെ സഹകരണമുണ്ടാകും. യാത്രക്കാരെ ആകർഷിക്കുക, ബസ് സർവ്വീസ് മെച്ചപ്പെടുത്തുക, കൂടുതൽ സൗകര്യങ്ങൾ പ്രൊവൈഡ് ചെയ്യുക, അതോടൊപ്പം ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുക - അത് ഞാൻ വെറുതെ പറഞ്ഞതല്ല. ഒരു വിമാന ടിക്കറ്റെടുത്താൽ വിമാന ടിക്കറ്റിൽ ഇൻഷ്വറൻസ് ഇൻബിൽറ്റാണ്. കെ.എസ്.ആർ.ടി.സി.-യിൽ ഒരു ടിക്കറ്റെടുത്താൽ അങ്ങനെയുണ്ടോ; ഇല്ല. ഒരു ടിക്കറ്റെടുത്താൽ, വലിയ പരിക്കുകൾക്ക് എം.ഐ.സി.റ്റി.-യിൽ അവർക്ക് കേസ് കൊടുക്കാം. 10-12 വർഷത്തിനുശേഷം വിധി വരുമ്പോൾ തുക കിട്ടും. എന്നാൽ ചെറിയ പരിക്കുപറ്റി ആശുപത്രിയിലെത്തുന്ന ആളിന് 3000 രൂപവരെ ഇൻഷ്വറൻസ് കവറേജ് കിട്ടത്തക്കവിധത്തിലുള്ള ഒരു സംവിധാനത്തെക്കുറിച്ചാണ് ആലോചിച്ചു കൊണ്ടിരിക്കുന്നത്. എല്ലാംകൂടി ബ്രൈറ്റായ സാഹചര്യമുണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, കെ.എസ്.ആർ.ടി.സി. ഇപ്പോൾ നഷ്ടത്തിലാണെന്ന് എല്ലാവരും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. തകർന്നു കൊണ്ടിരിക്കുകയാണെന്നാണ് എല്ലാവരും ധരിച്ചുവച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഇന്നത്തെ സ്ഥിതിക്ക് കെ.എസ്.ആർ.ടി.സി.ക്ക് പ്രവർത്തന നഷ്ടമില്ല. ഈ കുടിശ്ശികകളൊക്കെ കെ.എസ്.ആർ.ടി.സി.-യുടെമേൽ കെട്ടിയേല്പിച്ചുകൊണ്ട് അത് തകർന്നുവെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉൾപ്പെടെ പ്രചരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. പെൻഷൻ കൊടുക്കേണ്ട ബാധ്യത സർക്കാരിനല്ലേ; ഒരു മാസം 37,000 ജീവനക്കാർക്ക് കൊടുക്കേണ്ടതായ പെൻഷൻതുക 37 കോടി രൂപ കെ.എസ്.ആർ.ടി.സി. ബസ് ഓടിയിട്ട് കൊടുക്കാൻ കഴിയുമോ; അതിന് പുതിയ സ്കീം മന്ത്രി ആലോചിക്കുന്നുവെന്നുപറയുമ്പോൾ അതുവരെ ഈ പെൻഷൻകാർ മരിച്ചുജീവിക്കണ്ടേ; എന്റെ മണ്ഡലത്തിൽ പെൻഷൻ കിട്ടാതെ ഒരു കെ.എസ്.ആർ.ടി.സി. ഡ്രൈവർ ആത്മഹത്യചെയ്ത സംഭവം ഉണ്ടായി. നാമമാത്രമായ പെൻഷനാണ് കിട്ടുന്നത്. ആ പെൻഷൻ കൊടുക്കാനുള്ള അടിയന്തരമായ നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം. പുതിയ സ്കീമൊക്കെ പ്രഖ്യാപിച്ച് അതുവരുമ്പോൾ അതിനെ സംബന്ധിച്ച് ആലോചിക്കാം. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനൊരു തീരുമാനമുണ്ടാക്കണം. ഈ പെൻഷൻകാരുടെ ജീവിതം സംരക്ഷിക്കണം. അത് അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് തീർക്കേണ്ടതല്ല. അതിനുവേണ്ടിയിട്ടുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ കയ്യിലുള്ള ആയുധം വച്ചുള്ള പ്രവർത്തനം ഇവിടംവരെയാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്. അങ്ങ് ഒരർത്ഥത്തിൽ എന്നെ കുറ്റപ്പെടുത്തിയെങ്കിലും അങ്ങയുടെ ചോദ്യം ഞങ്ങൾ എടുത്ത നടപടികളെ അങ്ങ് അംഗീകരിക്കുന്നതിന് തുല്യമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. പെൻഷൻ 8500 രൂപ വരെയുള്ളവർക്ക് ഞങ്ങൾ ഒരു കടവും വരുത്താറില്ല. 8500 രൂപയ്ക്ക് മുകളിലുള്ള ആളുകൾക്ക് ചിലപ്പോൾ അടുത്ത മാസം അല്ലെങ്കിൽ അതിന്റടുത്ത മാസം അങ്ങനെ മാറിമാറി പോകാറുണ്ട്. എന്നാലും ഞങ്ങൾ കഴിയുന്നത്ര പെൻഷൻ കൊടുത്താണ് പോരുന്നത്. പെൻഷൻ കൊടുക്കുന്നതിൽ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. സമയത്തിന്റെ കുറവുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. എന്നെത്തന്നെ ചില ആളുകൾ വിളിക്കാറുണ്ട്. എന്നെ വിളിക്കുന്നതുപോലെതന്നെ ഇവിടെയുള്ള മറ്റ് ജനപ്രതിനിധികളെയും വിളിക്കാറുണ്ടാകും. ഭാര്യയും ഭർത്താവും സുഖമില്ലാതെ വീട്ടിൽ കിടപ്പാണ്. മാസാവസാനം കിട്ടുന്ന പെൻഷൻ കൊണ്ടാണ് അവർ മരുന്ന് വാങ്ങുന്നത്. മെഡിക്കൽ ഷോപ്പിൽ മാസാവസാനം ഈ അക്കൗണ്ട് തീർക്കാൻ കഴിയാതെ വന്നാൽ പിറ്റേ മാസത്തേക്കുള്ള മരുന്ന് അവർക്ക് കിട്ടാതെ പോകുകയാണ്. അത് ഏറ്റവും ദൗർഭാഗ്യകരമാണ്. അങ്ങനെയുള്ള സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് കിട്ടാൻ സാധ്യതയുള്ള എല്ലാ പണവും മേടിച്ച് 8,500 രൂപ വരെയുള്ളവർക്കെങ്കിലും പെൻഷൻ കൊടുക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് മെച്ചപ്പെടുത്താനുള്ള ശ്രമത്തിലാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കെ.എസ്.ആർ.ടി.സി. നന്നാക്കാനുള്ള ശ്രമത്തിന് എല്ലാവിധ പിന്തുണകളും ഉണ്ടാകും. പറഞ്ഞതുപോലെ കാര്യങ്ങൾ നടക്കുമോയെന്നുള്ള കാര്യമാണ് ഇവിടെ പ്രശ്നം. അതിനുകാരണമെന്താണെന്നു വച്ചാൽ നഷ്ടത്തിന്റെ കണക്ക് അദ്ദേഹം ഇവിടെ പറഞ്ഞു. ഞാൻ അതിനോട് യോജിക്കുന്നു. കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെന്ന വസ്തുത നിഷേധിക്കാൻ പറ്റില്ല. ഇരുനൂറ്റി ചില്വാനം കോടി രൂപ വിദ്യാർത്ഥികൾക്ക് കൺസഷൻ കൊടുക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അത് എനിക്ക് വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം ഒരു സർവ്വീസ് മാത്രമുള്ള റൂട്ടിൽ കെ.എസ്.ആർ.ടി.സി. കൺസഷൻ കൊടുക്കുന്നേയില്ല. ആ പ്രദേശത്തുള്ള കുട്ടികളെ മുഴുവൻ കണക്കുകൂട്ടി അവർക്ക് കൺസഷൻ കൊടുക്കുന്നുവെന്ന കണക്കവതരിപ്പിച്ചാൽ അതെങ്ങനെ ശരിയാകും ; അതാണ് ഇതിനകത്തെ ബുദ്ധിമുട്ട്. അതുപോലെ വേറൊരുകാര്യം, കെടുകാര്യസ്ഥത. അത് പറയാതിരിക്കാൻ പറ്റുമോ ; എന്റെ നിയോജകമണ്ഡലത്തിൽ തീക്കോയി-എറണാകുളം സർവ്വീസ് നടത്തിക്കൊണ്ടിരുന്ന പ്രൈവറ്റ് സർവ്വീസ് വർഷങ്ങളായി ലാഭത്തിൽ ഓടിക്കൊണ്ടിരുന്നതാണ്. ഈയടുത്തകാലത്ത് അത് കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തു. കെ.എസ്.ആർ.ടി.സി. ബസ് ഓടിത്തുടങ്ങി. പ്രൈവറ്റ് ബസുകാർക്കും കാശില്ല, കെ.എസ്.ആർ.ടി.സി.-ക്കും കാശില്ല. കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കുന്നതെങ്ങനെ എന്നറിയണ്ടേ ; എന്റെ നാട്ടിലെ മൂന്ന് ഗ്രാമങ്ങളിലേക്കുള്ള ബസ് സർവ്വീസ് നിർത്തിയിട്ടാണ് പകരം ഇത് ഓടിക്കുന്നത്. അങ്ങ് മനസ്സിലാക്കണം. കഴിഞ്ഞയാഴ്ച ഒരു കെ.എസ്.ആർ.ടി.സി. ബസ് മരങ്ങാട്ടുപള്ളിയിൽവച്ച് ഒരു വണ്ടിയുമായി

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിയിടിച്ച് ഡ്രൈവർ ആശുപത്രിയിൽ കിടക്കുകയാണ്. യാത്രക്കാർക്ക് പരിക്കില്ല, കാരണം യാത്രക്കാരില്ലായിരുന്നു പിന്നെയെങ്ങനെയാണ് പരിക്കുണ്ടാകുന്നത്. ഈരാറ്റുപേട്ട- ആലപ്പുഴ സർവ്വീസുണ്ടായിരുന്നു. 20,000 രൂപ കളക്ഷനുള്ള ആ സർവ്വീസ് കട്ട് ചെയ്തിട്ട് ആ ബസ് 3,000 രൂപയ്ക്കാണ് ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ സർവ്വീസ് ഓടിച്ചാൽ എങ്ങനെയാണ് ലാഭം കിട്ടുന്നത്; ഇത് ഒന്നു പരിശോധിക്കണ്ടേ; ഇതിൽ ആരെയാണ് കുറ്റപ്പെടുത്തേണ്ടത്; ഈ കാര്യത്തിൽ കെ.എസ്.ആർ.ടി.സി. ഉത്തരവാദിത്വം വഹിക്കേണ്ടതല്ലേ; ഈ കെടുകാര്യസ്ഥത അവസാനിപ്പിച്ച്, യൂണിയന്റെയും മറ്റ് ആളുകളുടെയും ദുരഭിമാനം അവസാനിപ്പിച്ച് ജനങ്ങൾക്ക് ഗുണം ചെയ്യുന്ന കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്വകാര്യബസുകൾ സർവ്വീസ് നടത്തുന്നിടത്ത് സ്വകാര്യബസുകൾ പോകട്ടെ, കെ.എസ്.ആർ.ടി.സി. സർവ്വീസ് ലാഭകരമായി ജനങ്ങൾക്ക് ഗുണം ചെയ്യുന്ന രൂപത്തിൽ അത് മുന്നോട്ടു പോകട്ടെ എന്നുള്ളതാണ് ഗവൺമെന്റ് പോളിസി. എനിക്ക് തോന്നുന്നത്, ജനറലായിട്ടുള്ള കൺസെൻസസ് ഈ ഹൗസിൽ വരികയാണെങ്കിൽ സ്വാഭാവികമായിട്ടും പല കാര്യത്തെക്കുറിച്ചും നമുക്ക് തീരുമാനിക്കാൻ സാധിക്കും എന്നാണ്. ജനറൽ കൺസെൻസസ് വേണം. കാരണം ഇത് നമ്മുടെ സ്വകാര്യസ്വത്തല്ല, സംസ്ഥാനത്തിന്റെ സ്വത്താണ്. സംസ്ഥാനത്തിന്റെ സ്വത്താവുമ്പോൾ സ്വാഭാവികമായിട്ടും എല്ലാവർക്കും അതിനെക്കുറിച്ച് അഭിപ്രായങ്ങളുണ്ടാകും. അതുകൊണ്ട് ജനറൽ കൺസെൻസസ് ഉണ്ടാകുകയാണെങ്കിൽ അതനുസരിച്ച് മുന്നോട്ടുപോകാം. അങ്ങ് ഇവിടെ പറഞ്ഞ രണ്ടു കാര്യങ്ങളെപ്പറ്റി ഞാൻ പരിശോധിച്ച് എന്താണ് സംഭവിച്ചതെന്ന് നോക്കാം. അതേസമയം ചില കോടതിവിധികളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. ഗവൺമെന്റ് അതിൽ പ്രാക്ടിക്കലായിട്ടുള്ള ഒരു നിലപാടാണ് എടുക്കാൻ ആഗ്രഹിക്കുന്നത്. അവിടെയാണ് കൺസെൻസസ് വേണമെന്നു ഞാൻ പറഞ്ഞത്. അത് കഴിയുന്നിടത്തോളം ഭംഗിയായി കൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ കേട്ടുകൊണ്ടിരുന്നാൽ അവിടെ ഒരു കുഴപ്പവുമില്ലെന്ന് തോന്നും, ശുഭാപ്തിവിശ്വാസം നല്ല കാര്യമാണ്. പക്ഷെ, എന്റെ ചോദ്യം, എന്ത് ന്യായമാണ് 37000 പെൻഷൻകാരോട് ഗവൺമെന്റിന് പറയാനുള്ളത്? ഇവിടെ മാത്രമല്ല, ഇൻഡ്യയിൽ ഏതെങ്കിലുമൊരു വ്യവസായരംഗത്ത്, ഏതെങ്കിലുമൊരു ഡിപ്പാർട്ട്മെന്റിൽ, 30-ഉം 35-ഉം കൊല്ലം സർവ്വീസ് കഴിഞ്ഞ് അവരുടെ പെൻഷൻ ചോദിക്കുന്നുണ്ടോ; പെൻഷൻ ഗവൺമെന്റിന്റെ സൗജന്യമല്ല, സക്കാത്തല്ല. 8,500 രൂപ കൊടുത്തിട്ട് ബാക്കി ഇഷ്ടമുള്ളപ്പോൾ കൊടുക്കാമെന്നു പറഞ്ഞാൽ അതെന്ത് ന്യായമാണ്; രാജ്യത്ത് നിയമവാഴ്ചയില്ലേ; പെൻഷൻ നിയമങ്ങളില്ലേ; ഒരു എക്സ്ക്യൂസും ഇതിനകത്തില്ല. ഗവൺമെന്റ് ധീരമായ ഒരു തീരുമാനമെടുക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് ഫിനാൻസ് ജനറേറ്റ് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് വഴികളുണ്ട്. ആ വഴികൾ മുഴുവൻ പ്രാവർത്തികമാക്കണം. ഫിനാൻസ് മാനേജ്മെന്റാണ് അവിടത്തെ ഏറ്റവും വലിയ ശാപം. കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനം ഈ ഗതിയാവാൻ കാരണം അവിടെ ശരിയായ ഫിനാൻസ് മാനേജ്മെന്റില്ല എന്നതാണ്. അത് പരിശോധിച്ചാൽ ഈ പറയുന്നതൊക്കെ തെറ്റാണ് എന്നുമനസ്സിലാകും. കോടാനുകോടി രൂപയുടെ ആസ്തിയുള്ളതാണ് കെ.എസ്.ആർ.ടി.സി.. ഇലക്ട്രിസിറ്റി ബോർഡിലെ ആളുകൾക്ക് എങ്ങനെയാണ് പെൻഷൻ കിട്ടുന്നത്; അവർ പോകുന്ന കമ്പോളത്തിലല്ലേ ട്രാൻസ്പോർട്ടിലെ പെൻഷൻകാരും പോകുന്നത്; എന്ത് ന്യായമാണ്; അങ്ങ് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. സ്ട്രോങ്ങായി ഇതിൽ ഇടപെടണം. ക്യാബിനറ്റ് തീരുമാനിക്കണം. 500 കോടി രൂപയെങ്കിലും പെൻഷൻകാർക്കുവേണ്ടി മാറ്റിവയ്ക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ ചോദ്യത്തിൽത്തന്നെ ഉത്തരവുമുണ്ട്. 60% ഡി.എ. കുടിശ്ശികയാണ് കെ.എസ്.ആർ.ടി.സി.-യിൽ നേരത്തേയുണ്ടായിരുന്നത്, ഇപ്പോൾ 40% കുടിശ്ശികയുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. തുച്ഛമായിട്ടാണെങ്കിലും പെൻഷൻ കുടിശ്ശികയുമുണ്ട്, അത് കുറയ്ക്കുന്നതിനുവേണ്ട നടപടിയുമുണ്ട്. മാനേജുമെന്റിലും മിഡിൽ മാനേജുമെന്റിലും പ്രൊഫഷണലായുള്ള ടച്ച് ഉണ്ടാവണമെന്നും കെടുകാര്യസ്ഥത ഒഴിവാക്കുന്നതിനുവേണ്ടി നടപടി വേണമെന്നുമുള്ള അങ്ങയുടെ നിർദ്ദേശം പൂർണ്ണമായി അംഗീകരിക്കുകയാണ്. എങ്ങനെയും കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പോലീസ് സേനയുടെ നവീകരണം

2 (*572) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പോലീസ് സ്റ്റേഷനുകളുടെയും ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാനും പോലീസുകാരുടെ യൂണിഫോറം മെച്ചപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) MoPF Scheme, Plan Scheme, 13th FCA തുടങ്ങിയ പദ്ധതികളിലൂടെയുള്ള നവീകരണമാണ് പോലീസ് സേനയിൽ നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ അടിസ്ഥാന/താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയും, വാഹനങ്ങൾ, ആയുധങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവ കൂടുതലായി ലഭ്യമാക്കിയും, പോലീസ് സേനയെ നവീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly